**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഏകാധ്യാപക വിദ്യാലയങ്ങളുടെ അടച്ചുപൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 334 ഏകാധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള സർക്കാർ തീരുമാനം ഉൾനാടൻ പ്രദേശങ്ങളിലെയും വനാന്തര ഭാഗങ്ങളിലെയും പട്ടികവർഗ്ഗ വിഭാഗക്കാരായ വിദ്യാർഥികൾക്ക് സ്കൂളിൽ പോയി പഠിക്കാനുള്ള അവസരം ഇല്ലാതാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 19 ഏകാധ്യാപക വിദ്യാലയങ്ങൾ നിലവിലും പ്രവർത്തിക്കുന്നുണ്ട് . |
| (ബി) | പ്രസ്തുത നടപടി മൂലം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവാസവ്യവസ്ഥകളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അകലം വൻ തോതിൽ വർദ്ധിച്ചതിനാൽ ഡ്രോപ്പ് ഔട്ട് ആകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | വിദ്യാഭ്യാസ വകുപ്പ് നിർത്തലാക്കിയ ഏകാധ്യാപക വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് അവർ താമസിക്കുന്ന കോളനികളിലെ മറ്റ് കുട്ടികളോടൊപ്പം അവരുടെ കോളനികൾക്ക് സമീപമുള്ള സ്കൂളുകളിൽ തന്നെ ചേർന്ന് പഠിക്കുന്നതിന് സാഹചര്യമുള്ളതിനാൽ ഡ്രോപ്പ് ഔട്ട് ആകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. |
| (സി) | എങ്കിൽ ഇത്തരത്തിൽ ഒറ്റപ്പെട്ട മേഖലകളിൽ കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | (സി) | ഒറ്റപ്പെട്ട മേഖലയിൽ കഴിയുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി അവരവരുടെ കോളനികളിലെ തന്നെ മറ്റ് മുതിർന്ന വിദ്യാർത്ഥികളോടൊപ്പം സമീപത്തുള്ള സ്കൂളുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഒറ്റപ്പെട്ട ദുർഘട മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്തു കൊണ്ടും വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഡ്മിഷൻ നൽകി കൊണ്ടും അവരവരുടെ വിദ്യാഭ്യാസം ഉറപ്പ് വരുത്തിയിട്ടുണ്ട്.<br><br>വീട്ടിൽ നിന്നു സ്കൂളിൽ പോയി പഠിക്കുന്നവരായ വിദ്യാർത്ഥികളെ പട്ടികവർഗ്ഗ വികസന വകുപ്പും |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന "ഗോത്രസാരഥി" പദ്ധതി, ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന "ഗോത്രവാഹിനി" പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ